# കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

[1989 ലെ പബ്ലിക് ലൈബ്രറീസ് ആക്ട് അനുസരിച്ച് സംയോജിപ്പിക്കപ്പെട്ടത്]

**(കേരള ഗ്രന്ഥശാലാ സംഘം)**

കെ. അനിരുദ്ധൻ റോഡ്, വഴുതയ്ക്കാട്, തിരുവനന്തപുരം - 14

**ഫോൺ : 0471 2328802, 2328806, 2328808 ഇ - മെയിൽ: keralaslc@gmail.com**


**''ഭരണഭാഷ - മാതൃഭാഷ ''**

31.03.17

പ്രസിദ്ധീകരണത്തിന്

## സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 70.85 കോടി രൂപയുടെ ബഡ്ജറ്റ്

* **ഗ്രന്ഥശാലകളുടെ വാർഷിക ഗ്രാന്റിനും ലൈബ്രേറിയന്മാരുടെ അലവൻസിനുമായി 32.50 കോടി രൂപ**
* **വനിതകളുടെ പദ്ധതികൾക്ക് 3.80 കോടി രൂപ**
* **ലൈബ്രറികളുടെ പ്രവർത്തന ഗ്രാന്റിന് 2 കോടി രൂപ**
* **2000 ഗ്രന്ഥശാലകളിൽ കുട്ടികളുടെ വിഭാഗമായ ബാലവേദികൾക്ക് 87 ലക്ഷം രൂപ**
* **എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും ഓരോ ഗ്രന്ഥശാല കേന്ദ്രീകരിച്ച് ഇ-വിജ്ഞാന സേവന കേന്ദ്രങ്ങൾക്ക് 82 ലക്ഷം രൂപ**
* **യുവാക്കൾക്കുള്ള പദ്ധതിയ്ക്ക് 50 ലക്ഷം രൂപ**
* **മുതിർന്ന പൗരന്മാർക്കുള്ള പദ്ധതിയ്ക്ക് 45 ലക്ഷം രൂപ**
* **ജില്ലാ വികസന പദ്ധതിയ്ക്ക് 2.50 കോടി രൂപ**
* **ലൈബ്രേറിയൻ അലവൻസിൽ പ്രതിമാസം 500 രൂപയുടെ വർധനവ്**
* **ലൈബ്രറികൾക്ക് പുതുതായി എ+ എന്ന ഗ്രേഡ്, വാർഷിക ഗ്രാന്റ് 50,000 രൂപ**
* **ലൈബ്രേറിയൻ സർട്ടിഫിക്കറ്റ് കോഴ്സ് പുന:സ്ഥാപിക്കും**
* **കാസർകോട് ഒരു ടെയിനിംഗ് സെന്റർ സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിക്കും**

കേരളത്തിലെ പൊതു ഗ്രന്ഥശാലാ രംഗത്ത് സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 70 കോടി 85 ലക്ഷം രൂപ വരവും ചെലവും പ്രതീക്ഷിക്കുന്ന 2017-18 വർഷത്തെയ്ക്കുള്ള ബഡ്ജറ്റ് അംഗീകരിച്ചു.

ഗ്രന്ഥശാലകളുടെ വാർഷിക ഗ്രാന്റിനും ലൈബ്രേറിയന്മാരുടെ അലവൻസിനുമായി 32 കോടി 50 ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. ലൈബ്രേറിയന്മാരുടെ അലവൻസിൽ പ്രതിമാസം 500/- രൂപയുടെ വർധന പ്രഖ്യാപിച്ചു. 50,000/-രൂപ വാർഷിക ഗ്രാന്റോടെ ലൈബ്രറികൾക്ക് എ+ എന്ന പുതിയ ഗ്രേഡ് നിശ്ചയിച്ചു. നിലവിലുള്ള സ്പെഷ്യൽ ഗ്രേഡ് ഗ്രന്ഥശാലകളുടെ ഗ്രാന്റ് ഒരു ലക്ഷം രൂപയായി ഉയർത്തി.

കേരള സർക്കാരിന്റെ 2017-18 ലെ ബഡ്ജറ്റിൽ പദ്ധതി-പദ്ധതിയേതര ഇനങ്ങളിലായി 25,92,18,000/-രൂപയും പ്രത്യേക വർധനയായി 10 കോടി രൂപയുമാണ് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നീക്കിവെച്ചിട്ടുള്ളത്. ലൈബ്രറി സെസ്സിനത്തിൽ 27 കോടിയുടെ വരവും പ്രതീക്ഷിക്കുന്നു. മറ്റ് സ്രോതസ്സുകളിൽ നിന്നായി 7,92,82,000/-രൂപ ബഡ്ജറ്റ് കണക്കാക്കുന്നു.

ഗ്രന്ഥശാലകളുടെ വാർഷിക ഗ്രാന്റ് എ ഗ്രേഡിന് 32,000/- രൂപ, ബി ഗ്രേഡിന് 24,000/- രൂപ, സി ഗ്രേഡിന് 20,000/- രൂപ, ഡി ഗ്രേഡിന് 16,000/- രൂപ, ഇ ഗ്രേഡിന് 14,000/- രൂപ എഫ് ഗ്രേഡിന് 12,000/- രൂപ എന്ന നിലവിലെ സ്ഥിതി തുടരും. എ+ ഗ്രേഡ് ലൈബ്രേറിയന് പ്രതിവർഷം 36,000/- രൂപയും എ, ബി, സി ഗ്രേഡ് ലൈബ്രേറിയന്മാർക്ക് പ്രതിവർഷം 30,000/-രൂപയും ഡി, ഇ, എഫ് ഗ്രേഡ് ലൈബ്രേറിയന്മാർക്ക് പ്രതിവർഷം 27,000/- രൂപയുമായി അലവൻസ് തുക ഉയരും. ജില്ല- താലൂക്ക് ലൈബ്രറികളിലെ ലൈബ്രേറിയന്മാർക്ക് യഥാക്രമം 15,000 രൂപ 12,000 രൂപ എന്നിങ്ങനെ പ്രതിമാസ അലവൻസ് അനുവദിക്കും.

ലൈബ്രേറിയന്മാർക്ക് ഒരുദിവസത്തെ സോഫ്റ്റ്‌വേർ പരിശീലനം നല്കുന്നതിന് 20 ലക്ഷം രൂപ നീക്കിവെച്ചു. ഇടയ്ക്ക് നിലച്ചുപോയ ലൈബ്രേറിയന്മാരുടെ 6 മാസത്തെ പരിശീലന കോഴ്സ് പുനസ്ഥാപിക്കും. കാസർകോട് ലൈബ്രറി കൗൺസിലിനുള്ള 25 സെന്റ് സ്ഥലത്ത് ഒരു ട്രെയിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിക്കും. ഇതിനുവേി 14 ലക്ഷം രൂപ നീക്കിവെച്ചു.

വനിതാ- വയോജന പുസ്തക വിതരണ കേന്ദ്രങ്ങളിലെ വനിതാ ലൈബ്രേറിയന്മാരുടെ പ്രതിമാസ അലവൻസ് 2500 രൂപയാകും. 500 ഗ്രന്ഥശാലകളിൽ വനിതാ വേദി പ്രവർത്തനങ്ങൾക്കായി 28 ലക്ഷം രൂപ വകയിരുത്തിയിട്ടു്. മുതിർന്ന പൗരന്മാർക്കുള്ള പദ്ധതിയായി ഗുരുസംഗമത്തിന് 45 ലക്ഷം രൂപയാണ്. 75 താലൂക്കുകളിൽ നിലവിലുള്ള ഓരോ ഗുരുസംഗമ കേന്ദ്രങ്ങൾക്കു പുറമെ ഓരോ കേന്ദ്രങ്ങൾ കൂടി ആരംഭിക്കും.

ഗ്രന്ഥശാലകളോട് അനുബന്ധിച്ചുള്ള ബാലവേദി കേന്ദ്രങ്ങളുടെ എണ്ണം 2000 മായി ഉയർത്തും. ഈ കേന്ദ്രങ്ങൾക്കായി 87 ലക്ഷം രൂപയാണ് വകയിരുത്തിയത്. ഹൈസ്കൂൾ വിദ്യാർത്ഥികളുടെ വായനോത്സവത്തിന് 17 ലക്ഷം രൂപയും ബാലവേദി അംഗങ്ങളുടെ സർഗ്ഗോത്സവത്തിന് 10 ലക്ഷം രൂപയും നീക്കിവെച്ചിട്ടു്. കുട്ടികളിൽ വായനശീലം പ്രോത്സാഹിപ്പിക്കുന്ന 'എന്റെ പുസ്തകം എന്റെ കുറിപ്പ് എന്റെ എഴുത്തുപെട്ടി' എന്ന പദ്ധതിയ്ക്ക് ലഭിച്ച സ്വീകാര്യത കണക്കിലെടുത്ത് ഈ വർഷം 1000 ഗ്രന്ഥശാലകളുടെ നേതൃത്വത്തിൽ തൊട്ടടുത്ത സ്കൂളിൽ എഴുത്തുപെട്ടി സ്ഥാപിച്ച് യു.പി വിദ്യാർത്ഥികളുടെ ഈ മത്സരം വിപുലമാക്കും. ഇതിന് 10 ലക്ഷം രൂപ വകയിരുത്തി. ഹയർ സെക്കന്ററി- കോളെജ് വിദ്യാർത്ഥികളുടെ വായനാമത്സരത്തിന് 15 ലക്ഷം രൂപയാണുള്ളത്. ബാലവേദി കുട്ടികൾക്ക് ജില്ലാടിസ്ഥാനത്തിൽ 5 ദിവസത്തെ നാടകക്കളരി നടത്തും. പത്തര ലക്ഷം രൂപ ഇതിന് നീക്കിവെച്ചു.

യുവജനങ്ങളുടെ സാന്നിദ്ധ്യം ഗ്രന്ഥശാലകളിൽ സജീവമാക്കുന്നതിന് 1000 ഗ്രന്ഥശാലകളിൽ യുവത എന്ന പദ്ധതി നടപ്പിലാക്കും. ഇതിന് 50 ലക്ഷം രൂപ വകയിരുത്തി. നവമാധ്യമ കൂട്ടായ്മ കൂടുതൽ വിപുലമാക്കും. യുവ എഴുത്തുകാരെ ഉൾപ്പെടുത്തി കഥാ- കവിത ക്യാമ്പ് നടത്തും. പഞ്ചായത്ത് നേതൃസമിതികളുടെ മേൽനോട്ടത്തിൽ യുവത്തിളക്കം, നാട്ടുവെളിച്ചം, തൊഴിലാളി സന്ധ്യ, നാട്ടുണർവ് തുടങ്ങിയവ സംഘടിപ്പിക്കും. ട്രൈബൽ മേഖലയിലെ ചൂഷണങ്ങളെക്കുറിച്ച് അവരെ ബോധവത്കരിക്കുന്നതിന് 10 ട്രൈബൽ ലൈബ്രറികളെ മാതൃക അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കും. ഇടമലക്കുടി ട്രൈബൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രത്യേക പാക്കേജിന്റെ പ്രവർത്തനങ്ങൾ തുടരും.

ഹരിത കേരളം എന്ന പദ്ധതിയിൽ പരിസ്ഥിതിദിനാചരണം, ജൈവപച്ചക്കറികൃഷി പ്രോത്സാഹനം, എന്റെ ഗ്രാമം പ്ലാസ്റ്റിക് വിമുക്തം എന്നീ പരിപാടികൾ ഉൾക്കൊള്ളിച്ചിട്ടു്. സാന്ത്വന പരിപാലനത്തിന് പ്രോത്സാഹനം നൽകും. സാംസ്കാരിക വകുപ്പും എക്സൈസ് വകുപ്പും ചേർന്ന് നടപ്പിലാക്കുന്ന 'വിമുക്തി'യിൽ ഗ്രന്ഥശാലകളെയും പങ്കു ചേർക്കും.

കാഴ്ച ശക്തി പരിമിതമായവരെ മികവുറ്റ ഗ്രന്ഥങ്ങളോട് പരിചയപ്പെടുവാൻ ബ്രയിലി ലിപിയിലുള്ള പുസ്തകങ്ങൾ ലഭ്യമാക്കിയും ശ്രവ്യ സംവിധാനം ഏർപ്പെടുത്തിയും ഗ്രന്ഥശാലാ വിഭാഗങ്ങൾ ആരംഭിക്കും. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 1000 കേന്ദ്രങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കും. പൊതു വിദ്യാലയങ്ങളിലെ ഗ്രന്ഥശാലകൾ കാര്യക്ഷമമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കും.

വനം വകുപ്പുമായി ചേർന്ന് വനശാസ്ത്ര പുസ്തകങ്ങളുടെ പ്രചരണത്തിനും സ്ത്രീകളുടെയും കുട്ടികളുടെയും ഗ്രന്ഥശാലാ പ്രവർത്തകരുടെയും ക്യാമ്പുകൾ നടത്തുന്നതിനും പദ്ധതിയു്. പരിസ്ഥിതിദിനം വൃക്ഷതൈകൾ നട്ടുകൊ് ലൈബ്രറികൾ ആചരിക്കും. ഇതിന് 1.5 ലക്ഷം രൂപ വകയിരുത്തി.

താലൂക്ക് റഫറൻസ് ലൈബ്രറികൾ, കരിയർ ഗൈഡൻസ് സെന്ററുകൾ, സ്മാർട്ട്-ഇ-റീഡിംഗ് റൂമുകൾ, മോഡൽ വില്ലേജ് ലൈബ്രറികൾ, അക്കാദമിക് സ്റ്റഡി സെന്ററുകൾ, ജയിൽ-ജുവനൈൽ ഹോം ലൈബ്രറി സർവ്വീസ്, ഹോസ്പിറ്റൽ ലൈബ്രറി സർവ്വീസ്, ഓർഫനേജ് ലൈബ്രറി, ഹെർമിറ്റേജ് ലൈബ്രറി, ലിറ്റിൽ തിയേറ്റർ തുടങ്ങിയ പദ്ധതികൾ തുടരും

50 ലൈബ്രറികളിൽ സൗരോർജ പദ്ധതി നടപ്പിലാക്കുന്നതിന് 10 ലക്ഷം രൂപ നീക്കി വെച്ചു. ചരിത്ര ശാസ്ത്ര വായന കേന്ദ്രങ്ങൾ 20 കേന്ദ്രങ്ങളിൽ കൂടി ആരംഭിക്കും. (11.5 ലക്ഷം.) മാനഞ്ചിറ പബ്ലിക്ക് ലൈബ്രറി സ്റ്റേറ്റ് ലൈബ്രറിയായി പരിഗണിച്ച് നവീകരിക്കാൻ 40 ലക്ഷം രൂപ നീക്കിവെച്ചു.

ജില്ലാ ലൈബ്രറി കൗൺസിലുകളുടെ നേതൃത്വത്തിൽ നടത്തുന്ന വികസന പദ്ധതികൾക്കായി രര കോടി രൂപ വകയിരുത്തിയിട്ടു്.

ജനജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കുന്ന സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ബഡ്ജറ്റാണ് തിരുവനന്തപുരത്ത് ചേർന്ന സ്റ്റേറ്റ് കൗൺസിൽ യോഗം അംഗീകരിച്ചത്. പ്രസിഡന്റ് ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ അധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റ് ചവറ കെ.എസ്. പിള്ള ബഡ്ജറ്റ് അവതരിപ്പിച്ചു. സെക്രട്ടറി പി. അപ്പുക്കുട്ടൻ ബഡ്ജറ്റ് വിശദീകരണം നൽകി. പി.ടി.തോമസ് എം.എൽ.എ. ഉൾപ്പെടെയുള്ള സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തു. ജോയിന്റ് സെക്രട്ടറി എൻ.എസ്. വിനോദ് സ്വാഗതവും സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ബി. സുരേഷ് ബാബു നന്ദിയും പറഞ്ഞു.

കവിതയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡിന് അർഹനായ ഗ്രന്ഥാലോകം പത്രാധിപർ എസ്. രമേശനെ കൗൺസിൽ യോഗത്തിൽ ആദരിച്ചു.